(ബി) പോലീസ് ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകളുടെ എക്സ്റ്റൻഷനുകൾ വിസിറ്റിംഗ് റൂമുകൾ വനിതാ പോലീസ് റെസ്റ്റ് റൂമുകൾ മുതലായവ നിർമ്മിച്ചു വരുന്നു. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കം വനിതാ ഡെസ്ക്കുകൾ സ്ഥാപിച്ചു. പോലീസ് ഓഫീസുകളും പോലീസ് സ്റ്റേഷനുകളും ഇന്റർനെറ്റ് ഇ-മെയിൽ തുടങ്ങിയ ആധുനിക സംവിധാനങ്ങളോടെ കമ്പ്യൂട്ടർവൽക്കരിച്ചു. സേനാംഗങ്ങൾക്ക് ഘട്ടംഘട്ടമായി കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. സേനയ്ക്ക് ആവശ്യമായ നൂതന സംവിധാനങ്ങളോടുകൂടിയ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ ആധുനിക ഉപകരണങ്ങൾ അടങ്ങിയ ഇൻവെസ്റ്റിഗേഷൻ കിറ്റ്, വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിന് ട്രാഫിക് പോലീസ് സ്പീഡ് ഡിറ്റക്ഷൻ റഡാർ, വാഹനമോടിക്കുന്ന സമയത്ത് ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്നറിയുവാനായി ആൽക്കോമീറ്റർ, ബ്രീത്ത് അനലൈസർ തുടങ്ങിയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഹലോ പോലീസ് സംവിധാനത്തിലൂടെ പ്രത്യേക ശൃംഖല വഴി പരസ്പരം ബന്ധപ്പെടുവാൻ സൗജന്യ മൊബൈൽ സിം കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം വകുപ്പുതല പരിഗണനയിലാണ്.

പുതിയ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന സ്ഥലം

54 (797) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ തീരദേശ പോലീസ് സ്റ്റേഷനും മറ്റ് പോലീസ് സ്റ്റേഷനും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) എന്നത്തേക്ക് ഇവ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ തീരദേശ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഒന്നാം ഘട്ടത്തിൽ (Phase –I) 8 തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

1. വിഴിഞ്ഞം (തിരുവനന്തപുരം)
2. നീണ്ടകര (കൊല്ലം)
3. തോട്ടപ്പള്ളി (ആലപ്പുഴ)
4. ഫോർട്ട് കൊച്ചി (കൊച്ചി)
5. അഴീക്കോട് (തൃശ്ശൂർ)
6. ബേപ്പൂർ (കോഴിക്കോട്)
7. അഴീക്കൽ (കണ്ണൂർ)
8. തലങ്ങര (കാസർഗോഡ്)

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാംഘട്ടത്തിൽ (Phase –II) കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന 10 പോലീസ് സ്റ്റേഷനുകൾ താഴെപ്പറയുന്നവയാണ്.

1. പൊന്നാനി (മലപ്പുറം)
2. പൂവാർ (തിരുവനന്തപുരം റൂറൽ)
3. അഞ്ചുതെങ്ങ് (തിരുവനന്തപുരം റൂറൽ)
4. അർത്തുങ്കൽ (ആലപ്പുഴ)
5. വടക്കേനാട് (തൃശ്ശൂർ)
6. ഇലത്തൂർ (കോഴിക്കോട് സിറ്റി)
7. പുതുപ്പണം വടക്കേക്കര (കോഴിക്കോട് റൂറൽ)
8. തലശ്ശേരി (കണ്ണൂർ)
9. തൃക്കരിപ്പൂർ (കാസർഗോഡ്)
10. കുമ്പള (കാസർഗോഡ്)

ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് പനമരം, മങ്കട, മണ്ണന്തല, മണ്ണഞ്ചേരി, മയ്യിൽ, ചോറ്റാനിക്കര എന്നീ സ്ഥലങ്ങളിലായി ആറ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാർത്ഥി പോലീസിംഗ് പദ്ധതി

55 (1798) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥി പോലീസിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ബി) ഈ സംവിധാനം നിലവിലില്ലാത്ത മറ്റ് ജില്ലകളിലും വിദ്യാർത്ഥി പോലീസിംഗ് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൽനിന്നും എന്തൊക്കെ സഹകരണങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly